# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - T 2061

18-07-2016 - ൽ മറുപടിയ്ക്ക്

## കായംകുളം റെയിൽവേ സ്റ്റേഷൻ റോഡ് പുനരുദ്ധാരണം

| ചോദ്യം<br>ശ്രീമതി യു. പ്രതിഭാ ഹരി | ഉത്തരം<br>ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കായംകുളം കെ.പി. റോഡിനെയും കായംകുളം റെയിൽവേ സ്റ്റേഷനെയും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ് കാലങ്ങളായി തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഈ റോഡ് ബി.എം. & ബി.സി. മാതൃകയിൽ പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായംകുളം കെ.പി. റോഡിനെയും കായംകുളം റെയിൽവേ സ്റ്റേഷനെയും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിന്റെ നിലവിൽ തകർന്നു കിടക്കുന്ന ഭാഗം റെയിൽവേയുടെ അധീനതയിലാണ്. നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള മേജർ ഡിസ്ട്രിക്ട് റോഡുകളാണ് ബി.എം. & ബി.സി നിലവാരത്തിൽ പുനഃരുദ്ധരിച്ചു കൊണ്ടിരിക്കുന്നത്. റെയിൽവേയുടെ അധീനതയിലുള്ള ഈ ഭാഗം പൊതുമരാമത്ത് വകുപ്പിന് കൈമാറി കിട്ടുകയാണെങ്കിൽ ബി.എം. & ബി.സി മാതൃകയിൽ പുനരുദ്ധീകരിക്ക ന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ